**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 3780**

**11.11.2019 ൽ**
**മറുപടിക്ക്**

## ആലത്തൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ഡി. പ്രസേനൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ആലത്തൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇതു വരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) സ്റ്റേറ്റ് പ്ലാൻ സ്കീം 2018-2019 പ്രകാരം ആലത്തൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 125.529 ലക്ഷം രൂപയുടെ അനുമതി സർക്കാർ നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 28.872 ലക്ഷം രൂപ കെ.പി.എച്ച്.സി.സിക്ക് നൽകിയിട്ടുള്ളതും നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 27.616 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. |
| ബി) ഇതിനായുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നിർമ്മാണ നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം നിർവ്വഹണ ഏജൻസിയായ കെ.പി.എച്ച്.സി.സി യെ ഏൽപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കി 28.12.2018-ാം തീയതി ദർഘാസ് വിളിച്ച് 12 മാസത്തെ കാലാവധി നിശ്ചയിച്ച് വർക്ക് കോൺട്രാക്ടർക്ക് നൽകുകയുണ്ടായി. ടി വർക്കിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ